പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 537 06.07.2012 ൽ മറുപടിക്ക്

## കോക്ളിയർ ഇംപ്ളാന്റ് സർജറിക്ക് റീ ഇംപേഴ്സ്മെന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹീദ് : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ജീവനക്കാരുടെ ബധിര-മൂകരായ കുട്ടികൾക്കുള്ള കോക്ളിയർ ഇംപ്ളാന്റ് സർജറിയ്ക്ക് 2-2-2012 ൽ സർക്കാർ ഉത്തരവിലൂടെ വായ്പാ അനുമതി നൽകിയെങ്കിലും മെഡിക്കൽ റീ ഇംപേഴ്സ്മെന്റിന് അനുമതി നല്കിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥനത്തെ കേൾവിക്കുറവുള്ള കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ സൗജന്യമായി നടത്തുന്നതിന് ഒരു പരിപാടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതു സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാരുടെ കേൾവിക്കുറവുള്ള കുട്ടികൾക്ക് ശസ്ത്രക്രിയ നടത്തുന്നതിന് ചെലവാകുന്ന തുക റീ ഇംപേഴ്സ് ചെയ്യുന്നതിന് അനുമതി നൽകിയാണ് 2.2.2012 ലെ സ.ഉ(എം.എസ്)നം.33/2012/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി കേരള മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 ൽ ഭേദഗതി വരുത്തുവാനും ഉത്തരവായിട്ടുണ്ട്. |
| (ബി) 2-2-2012 ന് മുമ്പ് ഇത്തരം സർജറിക്കായി പലിശരഹിത വായ്പ എടുത്ത സർക്കാർ ജീവനക്കാരുടെ വായ്പാ തിരിച്ചടവിനെ ഏതു തരത്തിലാണ് ഈ ഉത്തരവ് ബാധിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) KGSMA Rule 1960 പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് റീ ഇമ്പേഴ്സ്മെന്റ് നൽകാനോ പലിശരഹിത വായ്പ അനുവദിക്കാനോ വ്യവസ്ഥയില്ല. 2.2.2012 ന് മുൻപ് പ്രസ്തുത ശസ്ത്രക്രിയയ്ക്കായി പലിശ രഹിത വായ്പ പ്രത്യേകാനുമതിയിലൂടെ നേടിയ സർക്കാർ ജീവനക്കാർ വായ്പാ തുക ഗഡുക്കളായി തിരിച്ചട |

| | | | |
|---|---|---|---|
| | | | യ്യേണ്ടതാണ്. സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സംസ്ഥാന കോക്ലിയർ ഇംപ്ലാന്റേഷൻ പരിപാടിയിലെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെ കുട്ടികൾക്ക് മാത്രമേ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് അർഹതയുള്ളൂ. |
| (സി) | കോക്ളിയർ ഇംപ്ളാന്റ് സർജറിയ്ക്ക് പലിശരഹിത വായ്പ എടുത്ത സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയില്ല. |

സെക്ഷൻ ഓഫീസർ